"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം- ഗവ. സെക്രട്ടേറിയറ്റിൽ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയ വകയിലുള്ള Comprehensive Annual Maintenance Contract തുക M/s കെൽട്രോണിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.1338/2025/GAD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-

1. സ.ഉ.(സാധ)നം.924/2023/പൊഭവ തീയതി 25.02.2023.
2. 13.05.2024ലെ കെൽട്രോൺ ഹെഡ്ഡിന്റെ KECM/SSG/F1-5276/2024-25/146 നമ്പർ കത്ത്.
3. 04.03.2025 ലെ ടെക്നിക്കൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഗവ.സെക്രട്ടേറിയറ്റിൽ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ മെഷീനുകൾ, സർവ്വറുകൾ എന്നിവ പൂർണ്ണ പ്രവർത്തന ക്ഷമമായ 1.03.2018 മുതൽ 29.02.2020 മുതൽ രണ്ട് വർഷക്കാലമാണ് കെൽട്രോൺ വാറണ്ടി നൽകിയിരുന്നത്. ടി സാഹചര്യത്തിൽ വാറണ്ടി കാലാവധി അവസാനിച്ച 01/03/2020 മുതൽ 28.02.2022 വരെ Comprehensive Annual Maintenance Contract(CAMC) പ്രകാരം 7,30,792 രൂപ (ഏഴ് ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) (18% GST ഉൾപ്പടെ) അനുവദിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സാഹചര്യത്തിൽ ഗവ.സെക്രട്ടേറിയറ്റിലെ ബയൊമെട്രിക്ക് പഞ്ചിംഗ് സംവിധാനവുമായി ബന്ധപ്പെട്ട എല്ലാ ഭാഗങ്ങൾക്കുമായി 01.03.2022 മുതൽ 28.02.2023 വരെ എല്ലാ നികുതികളും ഉൾപ്പെടെ 4,01,936/- രൂപയും, (CAMC rate @ 5.5%) 01.03.2023 മുതൽ 29.02.2024 വരെ എല്ലാ നികുതികളും ഉൾപ്പെടെ 4,42,129/- രൂപയും (CAMC rate @ 6.05%) എന്നിങ്ങനെ രണ്ട് വർഷത്തേയ്ക്ക് ആകെ 8,44,065/-(എട്ട് ലക്ഷത്തി നാല്പത്തിനാലായിരത്തി അറുപത്തിയഞ്ച് രൂപ മാത്രം) Comprehensive Annual Maintenance Contract (CAMC) ഇനത്തിൽ അനുവദിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കെൽട്രോൺ ഹെഡ്ഡ് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ 04.03.2025 ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത തുക അനുവദിക്കുവാൻ ശുപാർശ ചെയ്യുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗവ.സെക്രട്ടേറിയറ്റിലെ ബയൊമെട്രിക്ക് പഞ്ചിംഗ് സംവിധാനവുമായി ബന്ധപ്പെട്ട എല്ലാ ഭാഗങ്ങൾക്കുമായി 01.03.2022 മുതൽ 28.02.2023 വരെ എല്ലാ നികുതികളും ഉൾപ്പെടെ 4,01,936/- രൂപയും, (CAMC rate @ 5.5%) 01.03.2023 മുതൽ 29.02.2024 വരെ എല്ലാ നികുതികളും ഉൾപ്പെടെ 4,42,129/- രൂപയും (CAMC rate @ 6.05%) എന്നിങ്ങനെ രണ്ട് വർഷത്തേയ്ക്ക് ആകെ ₹8,44,065/-(എട്ട് ലക്ഷത്തി നാല്പത്തിനാലായിരത്തി അറുപത്തിയഞ്ച് രൂപ മാത്രം) Comprehensive Annual Maintenance Contract (CAMC) ഇനത്തിൽ M/s കെൽട്രോണിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അണ്ടർ സെക്രട്ടറി, പൊതുഭരണ (അക്കൗണ്ട്സ് -എ) വകുപ്പ് 2052-090-99-05-OE4-otheritems എന്ന ശീർഷകത്തിൽ നിന്നും ₹8,44,065/-(എട്ട് ലക്ഷത്തി നാല്പത്തിനാലായിരത്തി

അറുപത്തിയഞ്ച് രൂപ മാത്രം) പിൻവലിച്ച് M/s കെൽട്രോണിന് അക്കൗണ്ടിലേയ്ക്ക (IFSC- SBIN0004350 , Acct.no. 10183255263 )കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

എം.ഡി. കെൽട്രോൺ സെക്യൂരിറ്റി & സർവൈലൻസ് ഗ്രൂപ്പ്, കരകുളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പൊതുഭരണ (അക്കൗണ്ട്സ് -എ) വകുപ്പ് (3 പകർപ്പ്)
ധനകാര്യ (എക്സ്പെൻഡീച്ചർ-ബി) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്
(വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി)

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 26-03-2025 11:16:34
സെക്ഷൻ ഓഫീസർ